## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1550 02.07.2015 ൽ മറുപടിയ്ക്ക്

# കാർഷിക പാക്കേജുകൾ യാഥാർത്ഥ്യമാക്കുന്നതിന് നടപടി

**ചോദ്യം**

ശ്രീ. എം.വി.ശ്രേയാംസ് കുമാർ
ശ്രീ.റോഷി അഗസ്റ്റിൻ
ഡോ.എൻ.ജയരാജ്

**ഉത്തരം**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ കാർഷിക പാക്കേജുകളുടെ കാലാവധി നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) കുട്ടനാട് പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടിക്കിട്ടാൻ ബഹു. മുഖ്യമന്ത്രി 07.10.2014 നും 16.10.2014 നും കേന്ദ്ര സർക്കാരിന് കത്ത് നല്കിയിരുന്നു. ബഹു മുഖ്യമന്ത്രിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ബഹു കേന്ദ്ര കൃഷി മന്ത്രി കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട ജലസേചന പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള സഹായം നല്കുന്നതിനായി 13.11.2014 ലെ കേന്ദ്ര ജലവിഭവ വകുപ്പ് മന്ത്രിക്കു അയച്ച കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾക്ക് പ്രാഥമിക മുൻഗണന നല്കേണ്ടതും ബാക്കി അവശേഷിക്കുന്ന പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണെന്നും ടി കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുവാൻ 15.01.2014 -ൽ കൂടിയ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രി 23.01.2014 -ൽ 2 വർഷം കാലാവധി നീട്ടുന്നതിന് കേന്ദ്ര സർക്കാരിന് കത്ത് നല്കുകയുണ്ടായി. കൂടാതെ 16.10.2014 – ലും കേന്ദ്ര സർക്കാരിന് കത്ത് നല്കി. എന്നാൽ ഇതിനുള്ള മറുപടിയായി പാക്കേജിന്റെ പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച്

പൂർത്തിയാക്കുന്നതിന് ഇടുക്കി പാക്കേജിന്റെ കാലാവധി ദീർഘിപ്പിക്കാത്തത് തടസ്സമാവില്ലായെന്നും, കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തുടർന്നും ആർ.കെ.വി.വൈ പോലുള്ള തുടർ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണെന്നുമാണ് ബഹു. കേന്ദ്ര കൃഷി മന്ത്രി 13.11.2014 – ൽ ബഹു മുഖ്യമന്ത്രിക്ക് അയച്ച കത്തിൽ നിർദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഇടുക്കി പാക്കേജ് മൂലം ഗ്രാമീണ ഉപജീവനമാർഗ്ഗത്തിലും കാർഷിക മേഖലയിലും ഉണ്ടായ പ്രബലമായ പ്രഭാവവും കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യാത്തതും പ്രശംസനീയമായ നേട്ടമാണെന്ന് ടി കത്തിൽ പരാമർശിച്ചിട്ടുണ്ട്.

| ചോദ്യം | | ഉത്തരം |
|---|---|---|
| (ബി) സംസ്ഥാനത്തെ പ്രധാന കാർഷിക മേഖലകളായ കുട്ടനാടിന്റെയും ഇടുക്കിയുടെയും സമഗ്രവികസനം ലക്ഷ്യമാക്കി നടപ്പാക്കിയ കാർഷിക പാക്കേജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ ;<br><br>(സി) കുട്ടനാട്, ഇടുക്കി പാക്കേജുകൾ യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | നാളിതുവരെ ലഭിച്ച പുരോഗതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് ഇടുക്കി പാക്കേജുകൾക്കായി അനുവദിച്ചിരിക്കുന്ന തുകകൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.<br><br>കുട്ടനാട്, ഇടുക്കി പാക്കേജിന്റെ കാലാവധി 2 വർഷം കൂടി നീട്ടി നല്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തുകൾ നല്കുകയുണ്ടായെങ്കിലും, സംസ്ഥാന സർക്കാരിന്റെ തുടർപദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| പാക്കേജ് | MSSRF റിപ്പോർട്ട് (ആകെ രൂപ) | അംഗീകാരം ലഭിച്ചത് (രൂപ) | റിലീസ് ചെയ്തത് (രൂപ) | ചെലവഴിച്ചത് |
|---|---|---|---|---|
| കുട്ടനാട് | 1840.4 | 1268.563 | 575.48 | 507.801 |
| ഇടുക്കി | 764.42 | 485.87 | 267.98 | 235.29 |

[signature]
സെക്ഷൻ ഓഫീസർ